VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

VIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സംസ്ഥാനത്തിന്റെ സ്വപ്നപദ്ധതിയായ കണ്ണൂർ ഗ്രീൻ ഫീൽഡ് അന്താരാഷ്ട്ര വിമാനത്താവളനിർമ്മാണം അവസാനഘട്ടത്തിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുന്നുവെന്ന് ഈ സഭയെ അതിവിനയത്തോടും അഭിമാനത്തോടുംകൂടി അറിയിക്കുന്നു.

ഡി.ജി.സി.എ. അധികൃതർ 2016 ജനുവരി 30-ന് വിമാനത്താവളത്തിൽ വിശദമായ സാങ്കേതിക പരിശോധന നടത്തുകയുണ്ടായി. അതിനെത്തുടർന്ന് കോഡ്-ബി എയർക്രാഫ്റ്റ് ഉപയോഗിച്ച് ആദ്യ പരീക്ഷണ പറക്കൽ നടത്തുവാൻ കണ്ണൂർ വിമാനത്താവള കമ്പനിക്ക് അനുമതി ലഭിച്ചിരിക്കുകയാണ്. പ്രതിരോധ മന്ത്രാലയത്തിൽ നിന്നും എയർ ക്രാഫ്റ്റും ലഭ്യമായിട്ടുണ്ട്.

ഈ മാസം 29-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണിക്ക്, ചരിത്രവും മിത്തും സംഗമിക്കുന്ന കണ്ണൂരിന്റെ ഹൃദയ ഭൂമിയിൽ ഒരു ജനതയുടെ സ്വപ്നം യാഥാർത്ഥ്യമാക്കിക്കൊണ്ട് ആദ്യ വിമാനം പറന്നിറങ്ങും. ഈ അസുലഭ മുഹൂർത്തം സാന്നിദ്ധ്യം കൊണ്ട് സമൃദ്ധമാക്കുവാൻ ബഹുമാന്യനായ നിയമസഭാ സാമാജികരെ മട്ടന്നൂരിലെ പുതിയ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്ക് കേരള സർക്കാരിനുവേണ്ടി ഞാൻ സഹർഷം സ്വാഗതം ചെയ്യുന്നു. ലോകമെങ്ങുമുള്ള മലയാളികളുടെ ശ്രദ്ധ ഈ ചരിത്ര മുഹൂർത്തത്തിലേയ്ക്ക് ക്ഷണിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly